പ്രകാശവചനം ● **അബൂദർറ് എടയൂർ**

# സത്യവിശ്വാസി കണ്ണാടിയാവണം

**عَنْ أَبِي هُرَيْرَةَ، عَنْ رَسُولِ اللَّهِ ﷺ قَالَ: الْمُؤْمِنُ مِرْآةُ الْمُؤْمِنِ.**

**അബൂഹുറയ്റ(റ)യിൽ നിന്ന്. നബി (സ) പറഞ്ഞു: ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ കണ്ണാടിയാണ് (അബൂദാവൂദ്).***

ഈമാൻ, സത്യസന്ധത, പരിശുദ്ധി, തെളിമ, നൈർമല്യം, സാഹോദര്യം, സ്നേഹം, അടുപ്പം, സൗഹൃദം, ഗുണകാംക്ഷ തുടങ്ങിയ മൂല്യങ്ങളെ ചുരുങ്ങിയ വാക്കുകളിൽ സുന്ദരമായി അവതരിപ്പിക്കുകയാണ് പ്രവാചകൻ.

നമുക്ക് നേരിട്ട് കാണാൻ കഴിയാത്ത പലതും കണ്ണാടി നമുക്ക് വ്യക്തമാക്കിത്തരുന്നു. നമ്മുടെ സൗന്ദര്യവും വൈരൂപ്യവുമെല്ലാം അതിൽ കാണാം. ശബ്ദകോലാഹലങ്ങളില്ലാതെയാണ് കണ്ണാടി അവ നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്നത്. അത് നമ്മുടെ അഭിമാനത്തിന് കളങ്കമേൽപിക്കുന്നില്ല. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നു പറയാറില്ലേ. വിശ്വാസികൾ പരസ്പരം ഇത്തരം കണ്ണാടികളാവണമെന്നാണ് ഈ ഹദീസ് ഉണർത്തുന്നത്.

കണ്ണാടി നമ്മുടെ ന്യൂനതകൾ നമ്മുടെ മുന്നിൽ മാത്രമേ വെളിപ്പെടുത്തൂ. നമ്മുടെ ന്യൂനതകൾ കണ്ണാടിയിൽ പതിയുകയോ പിന്നീട് വരുന്നവർക്ക് അത് കാണാൻ സാധിക്കുകയോ ഇല്ല. ഇതുപോലെ തന്റെ സഹോദരനിലുള്ള ന്യൂനതകൾ രഹസ്യമായി ഉണർത്തുകയും അത് അവൻ തിരുത്തുന്നതോടെ അത് മനസിൽ നിന്ന് മായ്ച്ചുകളയുകയും ചെയ്യുന്നവനാവണം സത്യവിശ്വാസി. അത് പരസ്യമാക്കി അവനെ അപമാനിക്കാനോ അതിനെ കുറിച്ച് ഉണർത്താതെ അവനെ ദുർമാർഗത്തിലേക്ക് തള്ളിവിടാനോ പാടില്ല. സ്നേഹത്തോടെ തെറ്റിനെ കുറിച്ച് സംസാരിക്കുകയും പരുഷമായ ആക്ഷേപ ശകാരങ്ങൾ ഒഴിവാക്കി സൗമ്യമായി അത് തിരുത്താൻ ആവശ്യപ്പെടുകയും ചെയ്യണം.

ഒരാളുടെ ബാഹ്യമായ ന്യൂനതകൾ മാത്രമേ കണ്ണാടി പ്രതിഫലിപ്പിക്കുന്നുള്ളൂ. അതു തന്നെ വാചാലമായ നിശ്ശബ്ദതയോടെയാണ്. നമ്മുടെ ആന്തരിക വശങ്ങളെ അത് പുറത്ത് കാണിക്കുന്നില്ല. അതുപോലെ, ആളുകളുടെ ന്യൂനതകളും കുറ്റങ്ങളും കുറവുകളും ചുഴിഞ്ഞന്വേഷിക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്യൽ സത്യവിശ്വാസിക്ക് ഭൂഷണമല്ല.

നബി(സ) പറഞ്ഞു: "നിങ്ങൾ ഊഹാപോഹങ്ങളെ സൂക്ഷിക്കണം. നിങ്ങൾ രഹസ്യാന്വേഷണമോ ചാരവൃത്തിയോ നടത്തരുത്. പരസ്പരം അസൂയയോ വിദ്വേഷമോ വെച്ചുപുലർത്തരുത്. അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ സഹോദരന്മാരായി വർത്തിക്കുക. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്. അവനെ ദ്രോഹിക്കുകയോ കൈവെടിയുകയോ ചെയ്യരുത്."

കണ്ണാടിയുടെ ശുദ്ധിയനുസരിച്ചായിരിക്കും അതിലെ കാഴ്ചകളുടെ വ്യക്തത. കണ്ണാടി തന്റെ മുഖത്തിന്റെ വൈകൃതം തുറന്നുകാണിക്കുമ്പോൾ ബുദ്ധിയുള്ളവരാരും അതിനോട് പ്രകോപനപരമായി പ്രതികരിക്കാറില്ല. മറിച്ച് അതിന് പരിഹാരം തേടുകയാണ് ചെയ്യുക. തന്നിലുള്ള വല്ല ന്യൂനതയും ചൂണ്ടിക്കാണിച്ച് ആരെങ്കിലും ഉപദേശിക്കുമ്പോൾ, നീയാരാ എന്നെ ഉപദേശിക്കാൻ എന്ന നിലക്ക് പെരുമാറുന്നത് വലിയ പാതകമാണെന്നും പ്രവാചകൻ പഠിപ്പിക്കുന്നു. എന്റെ ന്യൂനതകൾ എനിക്ക് സൂചിപ്പിച്ച് തന്ന ആളെ അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞ ഉമർ (റ) എത്ര ഉന്നതമായ മാതൃകയാണ് നമുക്ക് മുന്നിൽ വരച്ചു കാണിക്കുന്നത്.

കണ്ണാടിയെ നമുക്ക് ഒരു ഉപദേശകനോട് ഉപമിക്കാം. പരസ്പര ഗുണകാംക്ഷ വിശ്വാസിയുടെ ബാധ്യതയാണല്ലോ. നല്ല കാര്യങ്ങൾ ആര് ഉപദേശിച്ചാലും അത് വിനയപുരസ്സരം സ്വീകരിക്കണം. സത്യത്തിന്റെ ഭാഗത്ത് നിലകൊള്ളാൻ യാതൊരു വൈമനസ്യവും നമുക്ക് ഉണ്ടായിക്കൂടാ.

ഇമാം ഗസ്സാലി ഒരു സംഭവം ഉദ്ധരിക്കുന്നത് നോക്കൂ: സ്വഹാബിയായ അബ്ദുല്ലാഹിബ്നു മസ്ഊദും അദ്ദേഹത്തിന്റെ ശിഷ്യനായ യസീദുബ്നു ഉമൈറ എന്ന പണ്ഡിതനും തമ്മിൽ ഒരു സംവാദം നടക്കുകയുണ്ടായി. 'ഞാൻ സത്യവിശ്വാസിയാണെന്ന് പറയാമെങ്കിൽ ഞാൻ സ്വർഗത്തിലാണെന്നും പറയാം'. ഇതായിരുന്നു അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ വാദം. എന്നാൽ സത്യവിശ്വാസികളിൽ നിന്ന് തെറ്റുകൾ സംഭവിക്കാം. അല്ലാഹു അത് പൊറുത്തു കൊടുത്തിട്ടില്ലെങ്കിൽ നരകശിക്ഷ അനുഭവിക്കേണ്ടി വരും. ഇതായിരുന്നു യസീദുബ്നു ഉമൈറയുടെ പക്ഷം. ഒടുവിൽ ഇബ്നു മസ്ഊദിന് സത്യം ബോധ്യപ്പെട്ടു. ഉടനെ തന്റെ അഭിപ്രായം ഉപേക്ഷിച്ച് ശിഷ്യന്റെ അഭിപ്രായം സ്വീകരിച്ചു. (ഇഹ്യാ ഉലൂമിദ്ദീൻ). ■

*(*ഈ ഹദീസ് ഹസൻ ആണെന്ന് അൽബാനി ഉൾപ്പടെ നിരവധി പണ്ഡിതൻമാർ വ്യക്തമാക്കിയിട്ടുണ്ട്)*